**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1421** **19-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്താൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 അടിസ്ഥാനമാക്കി പരിഷ്കരിച്ച പാഠപുസ്തകങ്ങളിലെ പഠന ലക്ഷ്യങ്ങളെ വിലയിരുത്തുന്നതിനും പഠന നിലവാര സൂചകങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടിയും സമഗ്ര ശിക്ഷാ കേരളവും സംയുക്തമായി ആരംഭിച്ചിട്ടുണ്ട്.<br><br>പഠിതാക്കളുടെ പഠനനിലവാരം ശാസ്ത്രീയമായി വിലയിരുത്തി രേഖപ്പെടുത്തുന്നതിനുള്ള സമഗ്ര പുരോഗതി രേഖയുടെ മാതൃക വികസിപ്പിച്ചെടുക്കുന്നതിനുള്ള പരിശ്രമങ്ങളും എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ 220 പ്രവർത്തി ദിനങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ പഠിതാവിനെയും കൃത്യമായി മനസ്സിലാക്കി അവരുടെ പഠന നിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയായ സഹിതം മെന്ററിംഗ് പോർട്ടലും നിലവിലുണ്ട്.<br><br>ഓരോ ഘട്ടത്തിലും കുട്ടികൾ ആർജിക്കണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യങ്ങൾ നേടാൻ കഴിയുന്നു എന്ന് ഉറപ്പാക്കുകയും, ഓരോ വിദ്യാർത്ഥിക്കും വിദ്യാലയന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുകയും ചെയ്യുക, സുസ്ഥിര വികസന കാഴ്ച്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുക, ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാക്കുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുക തുടങ്ങിയ സമീപനങ്ങളിൽ ഊന്നിയ |

| | | | |
|---|---|---|---|
| | | | അക്കാദമിക പ്രവർത്തനങ്ങൾ ആണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്. പ്രസ്തുത അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാർഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമാകുന്നു.<br><br>സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൈറ്റിന്റെ നേതൃത്വത്തിൽ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പ്രത്യേക പരിശീലനം എല്ലാ അധ്യാപകർക്കും ക്രമീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങളിൽ എ.ഐ. സാധ്യതകൾ ഉൾപ്പെടെ വിനിമയം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. |
| (ബി) | ഇതിനായി മറ്റ് സംസ്ഥാനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഏതെങ്കിലും ദേശീയതല ഏജൻസി പഠനം നടത്തിയിരുന്നോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | എൻ.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ 2021-ൽ NAS (National Achievement Survey) ഉം 2023-ൽ SEAS (School Education Assessment Survey) ഉം നടത്തിയിട്ടുണ്ട്. 2021 ലെ NASൽ, കേരളത്തിൽ 2436 സ്കൂളുകളിൽ നിന്നും 3, 5, 8, 10 ക്ലാസുകളിലായി 85566 കുട്ടികൾ സർവ്വേയിൽ പങ്കെടുത്തു. ഇതിൽ മൂന്നാം ക്ലാസിലെ എല്ലാ വിഷയത്തിലും, സംസ്ഥാനം ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. 5, 8, 10 ക്ലാസുകളിൽ ഗണിത വിഷയത്തിൽ കേരളം ദേശീയ ശരാശരിയേക്കാൾ താഴെയാണ്. എന്നാൽ ഭൂരിഭാഗം വിഷയങ്ങളിലും കേരളത്തിന്റെ സ്ഥാനം ദേശീയ ശരാശരിയേക്കാൾ മുകളിലാണ്. 2023-ൽ നടത്തിയ SEAS ന്റെ ഫലം NCERT പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | പുതിയ വിദ്യാഭ്യാസ പദ്ധതിയിൽ മാതൃഭാഷാ പഠന നിലവാരം ഉയർത്തുന്നതിനും ഗണിതശേഷി ഉയർത്തുന്നതിനും കൂടുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023-ൽ ഗണിതപഠന സമീപനത്തെക്കുറിച്ചും ഗണിത പഠനത്തിന്റെ പുതിയ കാഴ്ചപ്പാടിനെക്കുറിച്ചും വിശദമായി തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അതിനനുസരിച്ചാണ് ഗണിതത്തിൽ പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളത്.<br><br>ഗണിതത്തിൽ ഓരോ പ്രവർത്തനം ചെയ്യുമ്പോഴും അതിന്റെ പിന്നിലെ യുക്തി കുട്ടികൾ മനസിലാക്കണം എന്ന കാഴ്ച്ചപ്പാടാണ് സ്വീകരിച്ചിട്ടുള്ളത്. യാന്ത്രികമായി ഗണിതക്രിയകൾ ചെയ്യുക എന്നതല്ല മറിച്ച് ഓരോ ക്രിയയുടേയും പിന്നിലുള്ള യുക്തിയും ഓരോ ക്രിയയും എങ്ങനെ പ്രവർത്തിക്കുന്നു എന്നതും വ്യത്യസ്ത വഴികൾ എങ്ങനെ പ്രയോജനപ്പെടുത്താമെന്നും കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. ഇതാണ് ഗണനചിന്ത (Computational Thinking) എന്ന ഗണിത പഠനത്തിന്റെ പുതിയ കാഴ്ചപ്പാട്. |

| | | | |
|---|---|---|---|
| | | | ഗണിത പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നതിന് മഞ്ചാടി പോലുള്ള ഗവേഷണാടിസ്ഥാനത്തിലുള്ള പദ്ധതികളും കേരളത്തിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടപ്പിലാക്കി വരുന്നു.<br><br>പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ മാതൃഭാഷാ പഠനം ആകർഷകമാക്കുന്നതിന് സഹായകമായ നിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ടാണ് ഒന്നാം ക്ലാസ് പൂർത്തിയാകുന്നതോടുകൂടി മലയാളത്തിൽ ഒന്നാം ക്ലാസ് ലക്ഷ്യമിടുന്ന ലേഖന പാടവം കുട്ടികൾ നേടണമെന്നാണ് പുതിയ സമീപനം ലക്ഷ്യം വെയ്ക്കുന്നത്. എഴുത്തിനും വായനയ്ക്കും ഒപ്പം കുട്ടികൾക്ക് അവരുടെ ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരം ക്ലാസ് റൂമിൽ സൃഷ്ടിക്കുന്നതിന് ബോധപൂർവമായ ഇടപെടലുകൾ പാഠ്യപദ്ധതിയിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാരംഗം കലാസാഹിത്യവേദി, വാങ്മയം പരീക്ഷ, ദിനാചരണങ്ങൾ, വായന മാസാചരണം, ഒന്നാം ക്ലാസ് ഒന്നാന്തരം, ശ്രദ്ധ, മലയാളത്തിളക്കം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ഡി) | പുതിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | പാഠപുസ്തകങ്ങൾ, അദ്ധ്യാപക സഹായി എന്നിവ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 2024-25 അദ്ധ്യയന വർഷം 1, 3, 5, 7, 9 ലെ പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ചു. പ്രീ പ്രൈമറി, 2, 4, 6, 8, 10 ക്ലാസ്സുകളിലെ പരിഷ്കരണം 2025-26 അധ്യയന വർഷം നടപ്പിലാക്കും. നടപ്പിലാക്കിയ പാഠപുസ്തകങ്ങളിൽ ഫീൽഡ് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അനിവാര്യമായ മാറ്റങ്ങൾ വരുന്ന വർഷം തന്നെ നടപ്പാക്കും. ഇതിനാവശ്യമായ വിവരശേഖരണം എസ് സി ഇ ആർ ടി നടപ്പിൽ വരുത്തും.<br><br>സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി വിദ്യാകിരണം മിഷന്റെ ഭാഗമായി നടപ്പാക്കും. ഇതിന്റെ ഭാഗമായി അക്കാദമിക മോണിറ്ററിങ്ങിനുള്ള ഫോർമാറ്റുകൾ വികസിപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും.<br><br>പഠന പിന്തുണാ പരിപാടി നടപടി നടപ്പിലാക്കി എല്ലാ കുട്ടികൾക്കും മികച്ച ഗ്രേഡോടുകൂടി വിജയം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കും. |

സെക്ഷൻ ഓഫീസർ